(ഡി) വിശദ വിവരങ്ങൾ ചോദ്യം (ബി) പിരിവിനുവേണ്ടി വച്ചിട്ടുള്ള അനുബന്ധത്തിൽ ചേർത്തിട്ടുണ്ട്. †

(ഇ) നവീകരണ പ്രവർത്തനങ്ങൾ നടന്നുവരുന്നു. 2004-2005 സാമ്പത്തിക വർഷം 75 കോടി രൂപ അനുവദിച്ചിട്ടുണ്ട്. ഇതിൽ നിന്നും ചെലവഴിച്ച തുകയുടെ വിവരം അനുബന്ധം II-ൽ ചേർത്തിട്ടുണ്ട്. †

പൂട്ടിക്കിടക്കുന്ന പൊതുമേഖലാ സ്ഥാപനങ്ങളിലെ ജീവനക്കാർ

20 [474] ശ്രീമതി ഗിരിജാ സുരേന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ വന്നശേഷം ഏതെല്ലാം പൊതുമേഖലാ സ്ഥാപനങ്ങളിലായി എത്ര പേർക്ക് നിയമനം നൽകുകയുണ്ടായി; സ്ഥാപനങ്ങൾ തിരിച്ച് വിശദാംശം വ്യക്തമാക്കുമോ;

(ബി) ഈ സർക്കാർ വന്നശേഷം ഗോൾഡൺ ഷേക്ക്ഹാന്റ് തുടങ്ങിയ വിവിധ പദ്ധതികളിലായി വിവിധ പൊതുമേഖലാ സ്ഥാപനങ്ങളിൽ നിന്നും എത്ര പേരെ പിരിച്ചയയ്ക്കുകയുണ്ടായി; സ്ഥാപനം തിരിച്ച് വിശദാംശം വ്യക്തമാക്കുമോ;

(സി) പൂട്ടിക്കിടക്കുന്ന പൊതുമേഖലാ സ്ഥാപനങ്ങളിൽ എം.ഡി.-മാരുൾപ്പെടെ ഓരോ സ്ഥാപനങ്ങളിലും എത്ര ജീവനക്കാർ ഇപ്പോഴും തുടരുന്നു; വിശദാംശം വ്യക്തമാക്കുമോ;

(ഡി) പൂട്ടിക്കിടക്കുന്ന പൊതുമേഖലാ സ്ഥാപനങ്ങളിൽ തുടരുന്ന ജീവനക്കാർ ആരെല്ലാം; അവരുടെ ശമ്പളവിവരം അടങ്ങിയ സ്റ്റേറ്റ്മെന്റ് ലഭ്യമാക്കുമോ;

(ഇ) പൂട്ടിക്കിടക്കുന്ന പൊതുമേഖലാ സ്ഥാപനങ്ങളുടെ ചെയർമാൻ, എം.ഡി. തുടങ്ങിയവരുടെ പേരുവിവരവും അവർ വാങ്ങുന്ന ശമ്പളവും അലവൻസുകളും വാഹനങ്ങളുടെയും അതിനായുള്ള ചെലവിന്റെയും, ടെലഫോൺ, മൊബൈൽ ഫോൺ ചെലവിന്റെയും യാത്രാചെലവിന്റെയും വിശദാംശം വ്യക്തമാക്കുമോ?

ഉത്തരം

(എ) സ്ഥാപനങ്ങൾ തിരിച്ചുള്ള വിശദാംശം ശേഖരിച്ചു നൽകുന്നതാണ്.

(ബി) വി.ആർ.എസ്./എസ്.എസ്.എൻ.വി. പ്രകാരം പിരിഞ്ഞു പോയ ജീവനക്കാരുടെ വിവരം അനുബന്ധമായി ചേർത്തിട്ടുണ്ട്. †

(സി, ഡി ആന്റ് ഇ) വിവരം ശേഖരിച്ചുവരുന്നു.

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly